**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2422** **08.07.2015** ലെ മറുപടിക്ക്

**പട്ടികജാതി കോളനികളുടെ വികസനത്തിനായി പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ.കെ.ജയചന്ദ്രൻ** | | **ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി കോളനികളുടെ വികസനത്തിനായി പ്രഖ്യാപിച്ച സ്വയം പര്യാപ്ത പട്ടികജാതി കോളനി പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (എ) | 2009-2010 വർഷം പട്ടികജാതി വികസന വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) എന്നിവ സംയുക്തമായി സംഘടിപ്പിച്ച സർവ്വേ റിപ്പോർട്ട് പ്രകാരം കണ്ടെത്തിയതും അമ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ പട്ടികജാതി കോളനികളിൽ പരമാവധി ഒരു കോടി രൂപ വിനിയോഗിച്ച് സമഗ്ര വികസന പ്രവർത്തനങ്ങൾ നടത്തുന്ന പദ്ധതിയാണ് സ്വയം പര്യാപ്ത ഗ്രാമം. ഇതിനായി 2012-13 സാമ്പത്തിക വർഷം 113 കോളനികളെയും 2013-14 സാമ്പത്തിക വർഷം 103 കോളനികളെയും തെരഞ്ഞെടുത്തിട്ടുണ്ട്. സ്ഥലം MLA/MP എന്നിവരാണ് കോളനികൾ ശുപാർശ ചെയ്യുന്നത്. വിവിധ വികസന പ്രവർത്തനങ്ങൾ സർക്കാർ അംഗീകൃത ഏജൻസികൾ വഴി നടപ്പാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി ലക്ഷ്യം നേടിയില്ലെങ്കിൽ അതിന്റെ കാരണം അവലോകനം ചെയ്തിട്ടുണ്ടോ? | (ബി) | തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ നടന്നു വരുന്ന വികസന പ്രവർത്തനങ്ങൾ വകുപ്പ് തലത്തിലും, ജില്ലാ തലത്തിലും കളക്ടർ തലത്തിലും അവലോകനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ